(ബി) അവയിൽ ആകെ എത്ര കേസ്സുകൾ ഇതുവരെ തീർപ്പുചെയ്തിട്ടുണ്ട്;

(സി) ഉടമ്പടി പ്രൊക്ലമേഷൻ നടപ്പിൽവരുന്നതിനു മുമ്പ് ഉടമ്പടി അവകാശം വിട്ടൊഴിഞ്ഞ അരികു തിരിച്ചു ഭാഗിക്കുന്നതിനായി സിവിൽ കോടതികളിൽ ഫയൽചെയ്ത വിസ്താരം നടന്നുവരുന്നതിൽ ഉടമ്പടി പ്രൊക്ലമേഷൻ നടപ്പിൽവരുത്തിയതു നിമിത്തം എത്ര കേസുകളുടെ വിസ്താരനടപടികൾ നിറുത്തിവയ്ക്കാൻ ഇടയായിട്ടുണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ.എ. ജെ. ജോൺ):

(എ) നൂറ്, ഏകദേശം.

(ബി) ഫുൾ, നമ്പർ.

(സി) വിവരങ്ങൾ ശേഖരിച്ചുവരികയാണ്

ശ്രീ.സി. വി. ഐപ്പ്: ഉടമ്പടി എന്നു പറഞ്ഞാൽ കൊച്ചിക്കാരായ ഞങ്ങൾക്ക് മനസ്സിലാകുന്നില്ല.

ശ്രീ.എ. ജെ. ജോൺ: ഉടമ്പടി എന്താണെന്നു നിശ്ചയമില്ലാത്തവർക്ക് 'അതെന്താണെന്നു മനസ്സിലായില്ലെങ്കിൽ കുഴപ്പമൊന്നുമില്ല.

PUBLIC LATRINES IN THE MUVATTUPUZHA TOWN

*961.[54] Sri.N. P.Varghese: Will the Hon'ble Minister for Public Health be pleased to state whether Government have received any representation from Muvattupuha for the construction of public latrines in the thickly peopled parts of the Muvattupuzha town?

Minister for Finance and Revenue: (Sri. A. J. John) Yes.

ശ്രീ. എൻ. പി. വറുഗീസ്: ഇതിനു വേണ്ടിയുള്ള എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

MIDWIFE FOR MANNAMKANDAM DISPENSARY

*962. [55] Sri. N. P. Varghese: Will the Hon'ble Minister for Public Health be pleased to state the number of labour cases treated at the Mannamkandam Dispensary in 1125?

Minister for Finance and Revenue (Sri. A. J. John): There is no medical institution at Mannamkandam. So the question does not arise.

ശ്രീ. പി. കെ. ഡിവർ: 'മാന്നാംകണ്ടം' ഡിസ്പെൻസറി എന്നു പറയുന്നതു ഡിസ്പെൻസറിയുടെ പേരാണോ?

ശ്രീ. എ. ജെ. ജോൺ. അറിഞ്ഞുകൂടാ.

ശ്രീ. പി. കെ. ഡിവർ: അതു ഏതു പ്രദേശത്തിന്റെ പേരാണെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാം.

POTHANIKAD DISPENSARY

*963. [56] Sri. N. P. Varghese: Will the Hon'ble Minister for Public Health be pleased to state, whether Government are in receipt of a representation from the people of Pothanikad in Muvattupuzha taluk for the opening of a Dispensary?

LIBRARY ARCHIVES Kerala Legislative Assembly